ഉത്തരം

(എ) കിറ്റ്സിന്റെ കീഴിൽ മലയാറ്റൂരിൽ കെ. ഐ. എച്ച്. എം. എസ്. എന്ന ഒരു സ്ഥാപനം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

(ബി) മലയാറ്റൂരിൽ പ്രവർത്തിക്കുന്ന കെ. ഐ. എച്ച്. എം. എസ്. ൽ ഹൗസ് കീപ്പിംഗ് ആൻറ് ഫ്രണ്ട് ഓഫീസ് മാനേജ്മെൻറ് കോഴ്സിന് 12 കുട്ടികളും ആയുർവേദ മാസിയേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം കോഴ്സിന് 35 കുട്ടികളും ഫുഡ് ആൻറ് ബീവറേജ് സർവ്വീസസ് കോഴ്സിന് 7 കുട്ടികളും വീതവും പഠിക്കുന്നുണ്ട്. ഈ സെൻററിൽ പ്രിൻസിപ്പാൾ, ലക്ച്ചറർ, (ട്രാവൽ ആൻറ് ടൂറിസം) അക്കൗണ്ട്സ് ക്ലാർക്ക്, സ്വീപ്പർ എന്നീ താൽക്കാലിക തസ്തികകളും നിലവിലുണ്ട്. ഗസ്റ്റ് ലക്ച്ചറർമാരുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്.

(സി, ഡി) ഈ തസ്തികകൾക്ക് അംഗീകാരം നൽകുവാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ഇ) സംവരണതത്വം പാലിക്കാറുണ്ട്. പിന്നോക്ക പട്ടികജാതി-വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കൈറ്റ്പ്പൻറ് നൽകുന്നതു സംബന്ധിച്ച് തീരുമാനം എടുക്കേണ്ടതു പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പാണ്. ഈ വിഷയം പ്രസ്തുത വകുപ്പിന്റെ പരിഗണനയിലുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ വിനോദസഞ്ചാരികളുടെ എണ്ണത്തിലെ വർദ്ധന

86 [2075] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) 2004-05 സാമ്പത്തികവർഷം സംസ്ഥാനത്തെ വിനോദ സഞ്ചാരികളുടെ വരവിൽ മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) ഇതു മൂലം സർക്കാരിന് ഉണ്ടായ സാമ്പത്തിക നേട്ടം എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2004-05 സാമ്പത്തികവർഷം സംസ്ഥാനത്തെ വിനോദസഞ്ചാരികളുടെ വരവിൽ 0.5 ശതമാനം (30125 എണ്ണം) വർദ്ധനവ് 2003-04 സാമ്പത്തിക വർഷത്തെക്കാൾ ഉണ്ടായിട്ടുണ്ട്. വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 7.7% (24.224 എണ്ണം) വർദ്ധനവും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 0.1% (5991 എണ്ണം) വർദ്ധനവും ഉണ്ടായിട്ടുണ്ട്.

(ബി) സർക്കാരിന് ഉണ്ടായ സാമ്പത്തിക നേട്ടം കണക്കാക്കപ്പെട്ടിട്ടില്ല.

ഇടുക്കി ജില്ലയിലെ ടൂറിസം പദ്ധതികൾ

87 [2076] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly